പാഠം ഒന്ന്

# അടിയാധാരങ്ങൾ തിരുത്തുന്ന ജമാഅത്തെ ഇസ്‌ലാമി

ഭാഗം 2

---

**മൗദൂദിയുടെ ആശയങ്ങൾ പ്രാവർത്തികമാക്കാൻ കഴിയില്ല: ജമാഅത്തെ ഇസ്‌ലാമി**

കണ്ണൂർ: സ്ഥാപകനേതാവ് മൗലാനാ മൗദൂദിയുടെ ആശയങ്ങളല്ല ജമാഅത്തെ ഇസ്‌ലാമി പ്രാവർത്തികമാക്കുന്നതെന്നും അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രാവർത്തികമാക്കാൻ കഴിയില്ലെന്നും കേരളാ അമീർ ടി. ആരിഫലി. പ്രവാചകനും വിശുദ്ധ ഖുർആനുമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാനം. മൗദൂദി വ്യക്തിയാണ്. ജനാധിപത്യത്തിലാണ് ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നത്. വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.
(തേജസ് ദിനപത്രം, 2007 ഡിസം. 30)

**ഖാലിദ് മൂസ നദ്‌വി പറയുന്നു:**

മൗദൂദിയുടെ ജിഹാദ് എന്ന ഗ്രന്ഥത്തിൽ നിന്ന് കാലികമായി അപ്രസക്തമായ ഭാഗങ്ങളല്ലാതെ വൈജ്ഞാനികമായി പ്രസക്തമായ ഒരു ഭാഗവും പ്രസിദ്ധീകരിക്കാതിരുന്നിട്ടില്ല... കാലികമായി അപ്രസക്തമായത് സയ്യിദ് മൗദൂദിയുടെതാണെങ്കിലും ജ.ഇ. വെട്ടികളയും. വെട്ടികളയുകയാണ് വേണ്ടത്. അല്ലാത്ത നിലപാട് എടുക്കുകയാണെങ്കിൽ അതാണ് മൗദൂദീ പൂജ.
(സായുധ പ്രധിരോധം ഇന്ത്യൻ സാഹചര്യത്തിൽ, അഭിമുഖം: ഖാലിദ് മൂസ നദ്‌വി, പി.ഡി.എഫ് ഫയൽ, പേ. 9)

**പ്രബോധനം എഴുതുന്നു:**

സമകാലിക ലോകത്തോട് സംവദിക്കാനുതകുന്ന വിധം ഈ അടിത്തറ കെട്ടിപ്പടുക്കുന്നതിൽ മൗദൂദിയോടുള്ള കടപ്പാട് ജമാഅത്തെ ഇസ്‌ലാമിക്ക് നിഷേധിക്കാനാകില്ല. അതിനർഥം മൗദൂദിയെ ഈ സംഘടന വള്ളിപുള്ളി പിന്തുടരുന്നുവെന്നല്ല.
(ജമാഅത്തെ ഇസ്‌ലാമി വിമർശിക്കപ്പെടുന്നത്, പ്രബോധനം, ആഗസ്റ്റ് 18, 2007,)

**ഖുതുബാതിന്റെ പ്രസാധകക്കുറിപ്പിൽ കാണുന്നു:**

മൗദൂദിയുടെ ചിന്തകളിലും കൃതികളിലും യോജിക്കേണ്ടതും വിയോജിക്കേണ്ടതുമുണ്ട്; പിന്താങ്ങേണ്ടതും വിമർശിക്കേണ്ടതുമുണ്ട്. പ്രമാണങ്ങളുടെ അടിസ്ഥാനത്തിലുള്ള പഠനമാണത് തെളിയിക്കേണ്ടത്.

(ഖുതുബാത്, 16ാം പതിപ്പ്, പ്രസാധകക്കുറിപ്പ്)

---

കബീർ എം. പറളി

വളരെ സുപ്രധാനമായ ഒരു ചർച്ചയിലാണ് കഴിഞ്ഞ ഭാഗം നാം അവസാനിപ്പിച്ചത്. സഹാബത്തിന് മനസ്സിലായ ദീൻ മൗദൂദിക്ക് മനസ്സിലായ ദീനല്ല എന്നത്രെ, ജഅ്ഫർ ബ്ൻ അബീത്വാലിബി(റ)ന്റെ, നേഗസ്സിന്റെ മുമ്പാകെയുള്ള പ്രസ്താവനയിൽ നിന്ന് നാം മനസ്സിലാക്കിയത്. അബദ്ധമായ അടിത്തറമേൽ സ്ഥാപിതമായ അധികാരാധിപത്യങ്ങൾ തുടച്ചുനീക്കി സുബദ്ധമായ അടിസ്ഥാനത്തിൽ കെട്ടിയുറപ്പിക്കുകയും, ജനനേതൃത്വത്തെ ദുർജ്ജനഹസ്തങ്ങളിൽനിന്ന് പിടിച്ചെടുത്ത് സജ്ജനങ്ങളുടെ കരങ്ങളിൽ അർപ്പിക്കുകയും ചെയ്യുക എന്നതാണ് ഒരു മുസ്‌ലിമിന്റെ അനിവാര്യ കർത്തവ്യമെങ്കിൽ, ജഅ്ഫർ(റ) നേഗസിന്റെ മുന്നിൽ കപഠനാടകം കളിക്കുകയായിരുന്നു എന്ന് പറയേണ്ടിവരും!

**ചോദ്യം: ഹാകിമിയ്യത്തുല്ലാഹ് എന്ന ഒരു സിദ്ധാന്തം മൗദൂദീ സാഹിബ് ആവിഷ്കരിച്ചതായി കേട്ടിട്ടുണ്ട്. എന്താണത്?**

ഉത്തരം: തൗഹീദിന്റെ മൂന്നിനങ്ങളിൽ നാലാമതൊന്നു കൂടി തിരുകിക്കയറ്റാൻ മൗദൂദീ സാഹിബ് ശ്രമിച്ചിട്ടുണ്ട് എന്നത് വാസ്തവമാണ്. അതാണ് തൗഹീദു ഹാകിമിയ്യത്തുല്ലാഹ്! ഇത് മൗദൂദിയുടെ ചിന്തയിൽ നിന്നുൽഭൂതമായ, ഇസ്‌ലാമിക ലോകത്തിനന്യമായ പുതിയ സിദ്ധാന്തമാണ്. ഇസ്‌ലാമിന് രാഷ്ട്രീയ വ്യാഖ്യാനം ചമക്കേണ്ടി വന്നപ്പോൾ അദ്ദേഹം കൈക്രിയ നടത്താതെ വിട്ടുകളഞ്ഞ ഒരു മേഖലയും ഇസ്‌ലാമിലില്ല. ഈ നൂതന സിദ്ധാന്തത്തിന്റെ മേന്മയെപ്പറ്റി ജമാഅത്തുകാർ ഒരു പാട് നീരീക്ഷിച്ചെഴുതിയിട്ടുണ്ട്. അവയിലൊന്ന് വായിക്കുന്നത് രസകരമായിരിക്കും. കാണുക:

''മൗദൂദിയുടെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടം കേവലം രാഷ്ട്രീയമായി പരിമിതപ്പെടാതെ അതിന് പ്രത്യയശാസ്ത്രപരവും സാംസ്കാരികവുമായ മാനം കൈവന്നത് ഈ സിദ്ധാന്തവത്കരണത്തിലൂടെയാണ്.'' (പ്രബോധനം, പേ. 12, വാ. 62, ലക്കം 16, 2005 സെപ്റ്റമ്പർ 24 - സയ്യിദ് മൗദൂദിയെ വായിക്കുമ്പോൾ, കെ. ടി. ഹുസൈൻ)

ഇസ്‌ലാമിന്റെ രാഷ്ട്രീയ വായനയിൽ അനിവാര്യമായും ചില 'സിദ്ധാന്തവത്കരണങ്ങൾ' ആവശ്യമാണ് എന്ന നിർബന്ധിതാവസ്ഥയിൽ നിന്നാണ് മൗദൂദി 'ഹാകിമിയ്യത്തുല്ലാഹ്' എന്ന സിദ്ധാന്തം ആവിഷ്കരിച്ചത് എന്നത്രെ മേൽവരികൾ നമ്മെ അറിയിക്കുന്നത്! സലഫുകളുടെ അറിവിന്റെ മേഖലയിലില്ലാതിരുന്ന ഒരു പുതിയ പാഠം, സലഫുകളെ വിവരമില്ലാത്തവരായി പ്രഖ്യാപിച്ചു കൊണ്ടുതന്നെ അദ്ദേഹം എഴുതി വെച്ചു. 'ദീനെന്നാൽ സ്റ്റേറ്റും ശരീഅത്തെന്നാൽ അതിന്റെ നിയമവ്യവസ്ഥയും ഇബാദത്തെന്നാൽ ആ നിയമവ്യവസ്ഥക്കനുസരിച്ചുള്ള ജീവിതവുമാണെന്ന്' മൗദൂദിയുടെ ഖുതുബാതിൽ (16ാം പതിപ്പ്, പേ. 287) നിന്നും വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്, ഇസ്‌ലാമെന്നാൽ തനി രാഷ്ട്രീയം എന്നുതന്നെയാണ് മൗദൂദി വിവക്ഷിച്ചത് എന്ന് കാണാനാകും. പിന്നെ, കേവലം രാഷ്ട്രീയമായി പരിമിതപ്പെടാതെ അതിന് പ്രത്യയശാസ്ത്രപരവും സാംസ്കാരികവുമായ മാനംകൈവന്നു എന്ന പ്രസ്താവനയുടെ പൊരുളെന്താണ്?

രാഷ്ട്രീയമല്ലാതെ മറ്റൊന്നുമല്ല ഇസ്‌ലാം എന്ന് ദ്യോതിപ്പിക്കുന്ന എത്രയോ രചനകൾ ജമാഅത്തു സാഹിത്യ മേഖലയിൽ സുലഭമാണ്.

**ചോദ്യം: അത്തരം ഒരു ഉദ്ധരണി എടുത്തു കാണിക്കാൻ നിങ്ങളുടെ കൈവശമുണ്ടോ?**

ഉത്തരം: മുജാഹിദുകൾ ജമാഅത്തിനെതിരിൽ ഉന്നയിക്കുന്ന ഒരു ആരോപണത്തിനും അവരുടെ സാഹിത്യങ്ങളിൽ നിന്ന് രേഖകൾ ഉദ്ധരിക്കാതിരുന്നിട്ടില്ല. മുകളിൽ നിങ്ങളതു കണ്ടതാണ്. ഇക്കാര്യത്തിലും വ്യക്തമായ തെളിവുദ്ധരിക്കാൻ നമുക്ക് സാധിക്കും. 2005 സെപ്റ്റമ്പർ 24 ലെ പ്രബോധനത്തിൽ 'സ്വർഗാവകാശികളും രാഷ്ട്രീയ ഇസ്‌ലാമും' എന്നൊരു ലേഖനം ശൈഖ് മുഹമ്മദ് കാരക്കുന്നിന്റേതായി വന്നിട്ടുണ്ട്. ഹുകൂമത്തെ ഇലാഹിക്കു വേണ്ടി ഏത് നിഷ്കളങ്ക ചരിത്രത്തേയും രാഷ്ട്രീയവത്കരിക്കാൻ ഇദ്ദേഹത്തോളം പോന്ന ബുദ്ധി ജമാഅത്തിൽ ഇക്കണ്ടകാലംവരെ ഉടലെടുത്തിട്ടില്ല എന്നതാണ് നേര്. സ്വർഗപ്രാപ്തരാണെന്ന് മുഹമ്മദ് നബി(സ്വ)യാൽ മുൻകൂട്ടിത്തന്നെ സന്തോഷവാർത്തയറിക്കപ്പെട്ട വിശുദ്ധരായ പത്തു സ്വഹാബികളുടെ ചരിത്രമുദ്ധരിച്ച് ഇസ്‌ലാം രാഷ്ട്രീയം തന്നെ എന്ന് സ്ഥാപിക്കുകയാണ് അദ്ദേഹം തന്റെ ലേഖനത്തിലൂടെ നിർവഹിക്കുന്നത്! അദ്ദേഹത്തിന്റെ വിശകലനം നൽകുന്ന അറിവ് വെച്ചു നോക്കുമ്പോൾ, പ്രസ്തുത പത്തു പേരും സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടതു തന്നെ അവരുടെ രാഷ്ട്രീയ സേവനങ്ങൾ മുൻനിർത്തിയാണ് എന്ന് തോന്നിപ്പോകും! ആ ഭാഗം വായിക്കുക:

''ലോകത്ത് ഇസ്‌ലാമിന് മഹത്തായ സംഭാവനകളർപ്പിച്ചതും അതിന്റെ യശസ്സും പ്രതിച്ഛായയും പ്രകാശിപ്പിച്ചതും ഇസ്‌ലാമിക രാഷ്ട്രത്തിന് - പ്രതിയോഗികളുടെ ഭാഷയിൽ രാഷ്ട്രീയ ഇസ്‌ലാമിന്, അല്ലെങ്കിൽ മതരാഷ്ട്രവാദത്തിന് - ഊന്നൽ നൽകി പ്രവർത്തിച്ചവരും അതിന്റെ വക്താക്കളുമാണ്. അവർ ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും ശരി. പരലോകത്ത് സ്വർഗത്തിൽ സമുന്നത സ്ഥാനം ലഭിക്കുന്നതും അവർക്കായിരിക്കുമെന്ന് സ്വർഗാവകാശികളെപ്പറ്റിയുള്ള പ്രവാചകന്റെ സുവിശേഷം വ്യക്തമാക്കുന്നു. <u>രാഷ്ട്രീയത്തിലും രാഷ്ട്രത്തിന്റെ കാര്യത്തിലും ഇടപെടാത്ത ഒറ്റയാളും ആ പത്തുപേരിലില്ലെന്നത് ഏറെ ശ്രദ്ധേയവും പഠനാർഹവുമത്രെ.</u>'' (പേജ്. 28)

സ്വർഗപ്രാപ്തരെന്ന് സുവാർത്തയറിയിക്കപ്പെട്ട സ്വഹാബികളെപ്പോലും തങ്ങളുടെ രാഷ്ട്രീയലാഭത്തിന് ഉപയോഗിക്കുകയാണ് ശൈഖ് മുഹമ്മദ് സാഹിബ്!!

ഖുറൈശികളാൽ ക്രൂരമർദ്ദനത്തിന് വിധേയരായ യാസിർ കുടുംബത്തോട് സ്വർഗം ലഭിക്കുമെന്ന് പ്രാവചകൻ പറഞ്ഞിട്ടുണ്ട്. വുദു എടുത്താൽ ഉടനെ രണ്ട് റക്അത്ത് നമസ്കരിക്കാറുള്ള ബിലാലിനോടും സ്വർഗത്തെപ്പറ്റി സുവാർത്തയറിയിച്ചിട്ടുണ്ട്. ഉറങ്ങാൻ നേരത്ത് ആരേപ്പറ്റിയും ദുഷ്ചിന്ത വെച്ചു പുലർത്താത്ത ഒരു സ്വഹാബിയെ ചൂണ്ടി, സ്വർഗത്തിൽ പ്രവേശിക്കുന്ന ഒരാളെ കാണണമെങ്കിൽ അദ്ദേഹത്തിലേക്ക് നോക്കിക്കോളൂ എന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്. വിചാരണ കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന എഴുപതിനായിരം ആളുകളെപ്പറ്റിയും അവരുടെ കൂട്ടത്തിൽ ഉൾപ്പെടാൻ പ്രവാചകന്റെ പ്രാർഥന ലഭിച്ച ഉക്കാശ(റ)യെപ്പറ്റിയും ഹദീസുകളിൽ വന്നിട്ടുണ്ട്. ഇവരുടെയൊക്കെ കാര്യങ്ങളിൽ ഒരു 'രാഷ്ട്രീയ പരിപ്രേക്ഷ്യം' ജമാഅത്തെ ഇസ്‌ലാമിക്ക് എങ്ങനെ സാധിക്കും എന്നത് ശൈഖ് മുഹമ്മദ് തന്നെയാണ് വിശദമാക്കേണ്ടത്.

**ചോദ്യം: മൗദൂദീ സാഹിബിന്റെ തത്വങ്ങളെ ജമാഅത്തെ ഇസ്‌ലാമീ അമരമായി കാണുന്നുവെന്ന ഒരു ധാരണ പരക്കെയുണ്ട്. ശരിയാണൊ അത്?**

ഉത്തരം: സംഭവകാല ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്ക് അതിന്റെ അടിയാധാരങ്ങളുമായി യാതൊരു ബന്ധവുമില്ലെങ്കിലും, മൗദൂദീ സാഹിബിന്റെ മതരാഷ്ട്രവാദ സിദ്ധാന്തത്തിന് കാലാതിവർത്തിത്വമുണ്ട് എന്ന ആവർത്തനം ജമാഅത്തു സാഹിത്യങ്ങളിൽ ധാരാളം കാണാം. രണ്ട് പാർട്ടി പ്രവർത്തകരുടെ അവകാശവാദങ്ങൾ കാണുക:

''ഇരുപതാം നൂറ്റാണ്ടിലെ മാത്രമല്ല വർത്തമാന നൂറ്റാണ്ടിലേയും ഇസ്‌ലാമിക ഉണർവിന് ദിശാബോധവും പ്രവർത്തനോർജ്ജവും നൽകാൻ മാത്രം കരുത്ത് ഈ സിദ്ധാന്തത്തി (മൗദൂദി സിദ്ധാന്തവത്കരിച്ച ഹാകിമിയ്യത്തിന്. ലേ.)നുണ്ട്.'' (പ്രബോധനം, പേ. 12, വാ. 62, ല. 16, 2005 സെപ്റ്റമ്പർ 24, ടി. കെ. ഹുസൈൻ)

''മൗദൂദിയേ മരിച്ചിട്ടുള്ളൂ; അദ്ദേഹത്തിന്റെ ആദർശം അമരമാണ്. അതിന് നിത്യസത്യത്തിന്റെ ചൈതന്യമുണ്ട്, ആത്മാർഥതയുടെ തീക്ഷ്ണതയുണ്ട്.'' (പ്രബോധനം, പേ. 15, വാ. 62, ല. 16, 2005 സെപ്റ്റമ്പർ 24, അബൂ യാസിർ)

ഇത്ര കരുത്തും തീക്ഷ്ണതയുമൊക്കെയുള്ള മൗദൂദിയുടെ ആദർശമാണ്, 'ഇന്ത്യയിൽ നടപ്പിലാക്കുക അസാധ്യ' മാണെന്ന് ആരിഫലി സാഹിബ് പ്രഖ്യാപിച്ചത്! ഇതേ ആദർശത്തിൽ നിന്നാണ് കാലികമല്ലാത്തവ വെട്ടിക്കളഞ്ഞിട്ടുണ്ടെന്ന് ഖാലിദ് മൂസ നദ്‌വി വ്യക്തമാക്കിയത്! ഈ അമരമായ ആദർശത്തിലാണ് ഉൾക്കൊള്ളാനാവാത്ത വള്ളിപുള്ളികളുണ്ട് എന്ന് ഇഹ്സാൻ പരസ്യപ്പെടുത്തിയത്!

ചോദ്യം: ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഫലത്തിൽ മൗദൂദീ ആശയങ്ങളെ കയ്യൊഴിക്കുകയൊ, കയ്യൊഴിക്കാൻ ശ്രമമാരംഭിക്കുകയൊ ചെയ്തിട്ടുണ്ട് എന്നാണൊ?

ഉത്തരം: മൗദൂദിയുടെ തിയോഡമോക്രസിക്കും, ഹാകിമിയ്യത്ത് സിദ്ധാന്തത്തിനും ദിശാബോധവും പ്രവർത്തനോർജ്ജവും നൽകാൻ മാത്രം കരുത്ത് ഉണ്ട് എന്ന് ആധുനിക ജമാഅത്തു നേതൃത്വത്തിന് വിശ്വാസമുണ്ടൊ എന്ന ചോദ്യം പ്രസക്തമാണ്. ഉണ്ടെന്നെഴുതിയവർ തന്നെ ഉത്തരം പറയട്ടെ:

''എന്നാൽ, ജനജീവിതത്തെ നിയന്ത്രിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന ഘടന എന്ന <u>ഭരണകൂടത്തിന്റെ നില ഇന്ന് അതിവേഗം ദുർബലമായി വരികയാണ്...</u> എന്തായാലും അമേരിക്ക പ്രതിനിധാനം ചെയ്യുന്ന ഏക ശിലാ ഘടനയിലുള്ള ഒരധീശ പ്രത്യയശാസ്ത്രത്തെ അധികകാലം പൊറുപ്പിക്കാൻ ഇന്നത്തെ ലോകത്തിന് <u>കഴിയില്ല</u>. <u>കാരണം വൈവിധ്യവും നാനാത്വവുമാണ് പുതിയ ലോകത്ത് ആകർഷകവും സ്വീകാര്യവുമായ ആശയങ്ങൾ... ഇത് ജനജീവിതത്തെ സ്വാധീനിക്കാവുന്ന തലത്തിൽ</u> **<u>ഭരണകൂടത്തിന് പകരം വെക്കപ്പെടുകയാണെന്ന കാര്യവും</u>** <u>സൂക്ഷ്മമായി നാം തിരിച്ചറിയേണ്ട ഒരു നവീന പ്രവണതയാണ്...</u> ഏതായാലും ഈ പൊതുബോധത്തെ എങ്ങനെ സ്വാധീനിക്കുകയും വരുതിയിലാക്കുകയും ചെയ്യാം എന്നതാണ് വർത്തമാനകാല ഇസ്‌ലാമിക ജാഗരണം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. **<u>അതിന് സയ്യിദ് മൗദൂദിയുടെ ചിന്തയിലെ രാഷ്ട്രപരികൽപനയേക്കാൾ,</u>** <u>മാനവികബോധത്തിലധിഷ്ഠിതമായ സാമൂഹ്യപ്രതിബദ്ധതക്കും ജീവിത വ്യവഹാരങ്ങളെ നിയന്ത്രിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്യുന്ന മൂല്യവ്യവസ്ഥയാണ് മതം എന്ന കാഴ്ചപ്പാടിനുമാണ്</u> **<u>കൂടുതൽ ഊന്നൽ നൽകേണ്ടത്.</u>** (പ്രബോധനം, പേ. 13, വാ. 62, ല. 16, 2005 സെപ്റ്റമ്പർ 24, കെ. ടി. ഹുസൈൻ)

ഒരു വിശദീകരണത്തിന്റെ ആവശ്യമില്ലാത്തവിധം കൃത്യമായ വിശകലനമാണിത്. മൗദൂദി സാഹിബ് തന്റെ ആയുഷ്കാലശ്രമം കൊണ്ട് ആവിഷ്കരിച്ചെടുത്ത രാഷ്ട്രപരികല്പനയെ ജമാഅത്തെ ഇസ്‌ലാമി പുറംകാലു കൊണ്ട് തടവുന്ന കാഴ്ചയാണ് നാമിവിടെ കണ്ടത്! മൗദൂദികളുടെ 'പശ്ചാത്തലവായന' കൊണ്ടുണ്ടായ മറ്റൊരു നേട്ടം! അതെ, ആശയതലത്തിലും പ്രായോഗിക തലത്തിലും ആചാര്യനെ തള്ളിപ്പറഞ്ഞു കൊണ്ടുള്ള പുതിയ മുഖമാണ് ഇന്നത്തെ ജമാഅത്തെ ഇസ്‌ലാമിയുടേത്.

ചോദ്യം: മൗദൂദീ സാഹിബിനെ ജമാഅത്തു നേതൃത്വം ആശയതലത്തിൽ കയ്യൊഴിയാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട് എന്നതിന്, അവരുടെ ഭാഗത്തു നിന്നും അത്തരം പ്രസ്താവനകൾ ഉണ്ടായിട്ടുണ്ടൊ?

ഉത്തരം: അത്തരം പ്രസ്താവനകൾ നമുക്ക് കാണാവുന്നതാണ്. ഉദാഹരണത്തിന്, ജമാഅത്തെ ഇസ്‌ലാമിയുടെ ഇപ്പോഴത്തെ ഹൽഖാ അമീറായ ആരിഫലി സാഹിബിന്റെ കണ്ണൂർ പ്രസ്താവന വായിക്കുക:

മൗദൂദിയുടെ ആശയങ്ങൾ പ്രാവർത്തികമാക്കാൻ കഴിയില്ല: ജമാഅത്തെ ഇസ്‌ലാമി

''കണ്ണൂർ: സ്ഥാപകനേതാവ് മൗലാനാ മൗദൂദിയുടെ ആശയങ്ങളല്ല ജമാഅത്തെ ഇസ്‌ലാമി പ്രാവർത്തചശമാക്കുന്നതെന്നും അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രാവർത്തിക മാക്കാൻ കഴിയില്ലെന്നും കേരളാ അമീർ ടി. ആരിഫലി. പ്രവാചകനും വിശുദ്ധ ഖുർആനുമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാനം. മൗദൂദി വ്യക്തിയാണ്. ജനാധിപത്യത്തിലാണ് ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നത്. വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.'' (തേജസ് ദിനപത്രം, 2007 ഡിസം. 30)

ഖാലിദ് മൂസ നദ്‌വി പറയുന്നു:

''മൗദൂദിയുടെ ജിഹാദ് എന്ന ഗ്രന്ഥത്തിൽ നിന്ന് കാലികമായി അപ്രസക്തമായ ഭാഗങ്ങളല്ലാതെ വൈജ്ഞാനികമായി പ്രസക്തമായ ഒരു ഭാഗവും പ്രസിദ്ധീകരിക്കാതിരുന്നിട്ടില്ല... കാലികമായി അപ്രസക്തമായത് സയ്യിദ് മൗദൂദിയുടെതാണങ്കിലും ജ.ഇ. വെട്ടികളയും. വെട്ടികളയുകയാണ് വേണ്ടത്. അല്ലാത്ത നിലപാട് എടുക്കുകയാണങ്കിൽ അതാണ് മൗദൂദീ പൂജ.'' (സായുധ പ്രധിരോധം ഇന്ത്യൻ സാഹചര്യത്തിൽ, അഭിമുഖം: ഖാലിദ് മൂസ നദ്‌വി, പി.ഡി.എഫ് ഫയൽ, പേ. 9)

പ്രബോധനം എഴുതുന്നു:

''സമകാലിക ലോകത്തോട് സംവദിക്കാനുതകുന്ന വിധം ഈ അടിത്തറ കെട്ടിപ്പടുക്കുന്നതിൽ മൗദൂദിയോടുള്ള കടപ്പാട് ജമാഅത്തെ ഇസ്‌ലാമിക്ക് നിഷേധിക്കാനാകില്ല. അതിനർഥം മൗദൂദിയെ ഈ സംഘടന വള്ളിപുള്ളി പിന്തുടരുന്നുവെന്നല്ല.'' (ജമാഅത്തെ ഇസ്‌ലാമി വിമർശിക്കപ്പെടുന്നത്, പ്രബോധനം, ആഗസ്റ്റ് 18, 2007,)

ഖുതുബാതിന്റെ പ്രസാധകക്കുറിപ്പിൽ കാണുന്നു:

''മൗദൂദിയുടെ ചിന്തകളിലും കൃതികളിലും യോജിക്കേണ്ടതും വിയോജിക്കേണ്ടതുമുണ്ട്; പിന്താങ്ങേണ്ടതും വിമർശിക്കേണ്ടതുമുണ്ട്. പ്രമാണങ്ങളുടെ അടിസ്ഥാനത്തിലുള്ള പഠനമാണത് തെളിയിക്കേണ്ടത്.'' (ഖുതുബാത്, 16ാം പതിപ്പ്, പ്രസാധകക്കുറിപ്പ്)

അപ്രായോഗികമെന്ന് കേരള ഹൽഖാ അമീർ ആരിഫലിയും, കാലികമായി അപ്രസക്തമായത് എന്ന് ഖാലിദ് മൂസയും, വള്ളിപുള്ളികളെന്ന് പ്രബോധകനത്തിലെ ലേഖകൻ ഇഹ്സാനും പരസ്യമാക്കിയതിൽ നിന്നും ചിലകാര്യങ്ങൾ നമുക്ക് ബോധ്യപ്പെടുന്നില്ലേ?. മൗദൂദീ സാഹിബിന്റെ ജിഹാദിൽ നിന്ന് ജമാഅത്തെ ഇസ്‌ലാമി കാലികമായി അപ്രസക്തമായത് ഒഴിവാക്കിയിട്ടുണ്ടെന്നാണ് ഖാലിദ് നദ്‌വി പറയുന്നത്. അവയേതാണ്? കാലികമായി എന്നത് ശാശ്വതമായി എന്നതിന്റെ പര്യായപദമാണൊ? ഇപ്പോൾ അപ്രസക്തമായവ ഭാവിയിൽ പ്രസക്തങ്ങളാകാൻ സാധ്യതയുണ്ടൊ? ജമാഅത്തെ ഇസ്‌ലാമി മൗദൂദീ സാഹിബിന്റെ ആദർശങ്ങളിൽ നിന്ന് പിന്തുടരാത്ത വള്ളിപുള്ളികൾ ഏതൊക്കെയാണ്? എന്നീ കാര്യങ്ങളെപ്പറ്റി ഇക്കാലം വരെ ജമാഅത്തുകാർ മാലോകരെ അറിയിച്ചിട്ടുണ്ടൊ? കാലികമായോ, ശാശ്വതമായോ അപ്രസക്തങ്ങളായവയും, സ്വീകാര്യമല്ലാത്ത വള്ളിപുള്ളികളും മൗദൂദീ ചിന്തകളിലും ആദർശങ്ങളിലും ഉണ്ട് എന്ന് പറയാൻ ജമാഅത്തുകാർക്കു മാത്രമാണൊ അവകാശം? അക്കാര്യം മുജാഹിദുകളൊ, മറ്റുള്ളവരൊ വിളിച്ചു പറഞ്ഞാൽ അത് മൗദൂദീ വ്യക്തിഹത്യയും, ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരിലുള്ള ഗീബത്തുമായിത്തീരുമൊ?

ചോദ്യം: പക്ഷെ, മൗദൂദീ സാഹിബ് അവതരിപ്പിച്ച തത്വങ്ങൾ ഇസ്‌ലാമിന്റേതാണ് എന്ന പൊതുകാഴ്ചപ്പാടാണല്ലൊ ജമാഅത്തുകാർക്കുള്ളത്?

ഉത്തരം: അബുൽ അഅ്‌ല ഊന്നിപ്പറഞ്ഞ തത്വങ്ങൾ ഇസ്‌ലാമിന്റേതാണെന്ന് പാർട്ടീ പ്രവർത്തകർ എഴുതിവിട്ടിട്ടുണ്ട്. അതേ ശ്വാസത്തിൽ തന്നെ ആ തത്വങ്ങൾ നടപ്പിൽ വരുത്താനുള്ള അദ്ദേഹത്തിന്റെ പ്രായോഗിക സമീപനങ്ങളെ തള്ളിപ്പറഞ്ഞിട്ടുമുണ്ട്. ഖുർആനോതി മഅന പറഞ്ഞു കൊടുക്കുന്ന ഒരു സാദാ മൊല്ലാക്കയുടെ റോളിനപ്പുറം മൗദൂദി സാഹിബിന് ആധുനിക ജമാഅത്തുകാർ ഒരു സ്ഥാനവും വകവെച്ചു കൊടുക്കുന്നില്ല. അവരുടെ വരികളിൽ നിന്നു തന്നെ വായിക്കുക:

‘‘ചുരുക്കത്തിൽ, ഇസ്‌ലാമിക രാഷ്ട്രീയത്തെപ്പറ്റി സയ്യിദ് മൗദൂദി ഊന്നിപ്പറഞ്ഞ തത്വങ്ങൾ സയ്യിദ് മൗദൂദിയുടേതല്ല, ഇസ്‌ലാമിന്റേതാണ്. അതേ സമയം, തത്വങ്ങൾക്കുപരി ഒരു പണ്ഡിതൻ എന്ന നിലക്ക് സയ്യിദ് മൗദൂദി രാഷ്ട്രീയ വിഷയത്തിലൊ, മറ്റു വിഷയങ്ങളിലെ കൈക്കൊള്ളുന്ന പ്രയോഗിക സമീപനങ്ങളും, അദ്ദേഹത്തിന്റേതായ അഭിപ്രായങ്ങളും സ്വീകരിക്കാൻ ആർക്കും നിർബന്ധബാധ്യതയില്ല; ഏതൊരു പണ്ഡിതന്റേയും അഭിപ്രായങ്ങൾ പോലത്തന്നെ.’’ (പ്രബോധനം, മാർച്ച് 25, 2006, പേ. 33)

ഇരുപതാം നൂറ്റാണ്ടിലെ മാത്രമല്ല വർത്തമാനകാല നൂറ്റാണ്ടിലേയും ഇസ്‌ലാമിക ഉണർവിന് ദിശാബോധവും പ്രവർത്തനോർജ്ജവും നൽകാൻമാത്രം കരുത്ത് മൗദൂദിയുടെ ഹാകിമിയ്യത്ത് സിദ്ധാന്തത്തിനുണ്ട് എന്നെഴുതിയ അതേ തൂലികകൊണ്ടു തന്നെയാണ് മേലെവായിച്ച വരികളും എഴുതിവിടുന്നത് എന്നതിൽ തമാശ തോന്നുന്നില്ലെ? സത്യത്തിൽ, മൗദൂദിയുടെ മതരാഷ്ട്ര സിദ്ധാന്തങ്ങൾക്കെതിരിലുള്ള ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ കഴമ്പുള്ള, ആർജ്ജവമുള്ള പ്രസ്താവനകളെ പ്രതിരോധിക്കാൻ കഴിയാത്തതു കൊണ്ടാണ് ഇത്തരത്തിലുള്ള ഒഴികഴിവുകൾ എഴുതിവിടാൻ ജമാഅത്തു ലേഖകരെ നിർബന്ധിതരാക്കുന്നത്.

ചോദ്യം: ഇസ്‌ലാമിക രാഷ്ട്രീയത്തെപ്പറ്റി സയ്യിദ് മൗദൂദി ഊന്നിപ്പറഞ്ഞ തത്വങ്ങൾ ഇസ്‌ലാമിന്റേതാണ് എന്ന് ജമാഅത്തെ ഇസ്‌ലാമിപറയുമ്പോൾ അവയേതാണെന്ന് ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കേണ്ടതല്ലെ?

ഉത്തരം: തീർച്ചയായും വേണ്ടതാണ്. മൗദൂദീ സാഹിബ് ഊന്നിപ്പറഞ്ഞ ആ തത്വങ്ങൾ ഏതൊക്കെയാണെന്ന് ജമാഅത്തു സാഹിത്യങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാനാകും. അവ ഇസ്‌ലാമിന്റേതായിരുന്നുവൊ എന്നത് ആർക്കും പരിശോധിക്കാവുന്നതാണ്. അവയിൽ ചിലതു കാണുക:

- ഭരണമില്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത സങ്കൽപ വീടുപോലെയാണ്.
- നമസ്കാരം, നോമ്പ്, ഹജ്ജ്, സകാത്ത് തുടങ്ങിയ ആരാധനാ കർമ്മങ്ങൾ ഇസ്‌ലാമിക ഭരണസംസ്ഥാപനത്തിനുള്ള പരിശീലനമാണ്.
- ഭരണത്തിന്റെ അബദ്ധമായ അടിസ്ഥാനത്തെമാറ്റി സുബദ്ധമാക്കിത്തീർക്കാനുള്ള അശ്രാന്ത പരിശ്രമവും ത്യാഗവുമാണ് ജിഹാദ്.
- ലോകത്തെ സകല സാമൂഹ്യ ദൂഷ്യങ്ങളുടേയും മൂലകാരണം ഭരണദൂഷ്യമാണ്.
- സാമ്രാജ്യത്ത ദൈവത്തെ നീക്കി, പ്രജായത്ത ദൈവത്തെ ഗവൺമെന്റാകുന്ന വിഗ്രഹാലയത്തിൽ പ്രതിഷ്ഠിക്കുന്നത് ലാത്തയെ മാറ്റി മനാത്തയെ പ്രതിഷ്ഠിക്കുന്നതിന് തുല്യമാണ്.
- താത്വികമായി ദീനും സെക്യുലറിസവും പരസ്പര വിരുദ്ധമാണ്. ഒന്നിനെ യാത്രയാക്കി ഒന്നിനെ ഉൾക്കൊള്ളാനേ മുസൽമാന് നിവൃത്തിയുള്ളൂ.
- പ്രജായത്തം നടപ്പിൽ വരുത്താനായി സമരം ചെയ്യുന്നവർ കപടവിശ്വാസികളാണ്.
- ദീൻ എന്നാൽ സ്റ്റേറ്റാകുന്നു. ശരീഅത്തെന്നാൽ ആ സ്റ്റേറ്റിന്റെ നിയമവ്യവസ്ഥയാണ്. ആ നിയമവ്യവസ്ഥയനുസരിച്ച് ജീവിതം നയിക്കുന്നതാണ് ഇബാദത്ത്.

മേലെ കൊടുത്തവയൊന്നും സ്വീകരിക്കാൻ ആർക്കും നിർബന്ധബാധ്യതയില്ല എന്ന് പറഞ്ഞ് തള്ളിക്കളയേണ്ടതായ, മൗദൂദീ സാഹിബിന്റെ വെറും പ്രായോഗിക സമീപനങ്ങളല്ല. ഇസ്‌ലാമിന്റെ അടിസ്ഥാന ആദർശങ്ങളെന്ന നിലക്ക് അദ്ദേഹം എഴുതിയും പ്രസംഗിച്ചും പഠിപ്പിച്ച കാര്യങ്ങളാണ്. അവ മുന്നിൽ വെച്ച് ഇസ്‌ലാമിക രാഷ്ട്രീയത്തെപ്പറ്റി സയ്യിദ് മൗദൂദി ഊന്നിപ്പറഞ്ഞ തത്വങ്ങൾ സയ്യിദ് മൗദൂദിയുടേതല്ല, ഇസ്‌ലാമിന്റേതാണ് എന്ന ജമാഅത്തു വാദത്തെ ആളുകൾ വിലയിരുത്തട്ടെ.

ചോദ്യം: അപ്പോൾ, മൗദൂദീ സാഹിബിന്റേതു മാത്രമായ തത്വങ്ങളാണൊ ഇവയൊക്കെ? ജമാഅത്തുകാർ ഒരേ സമയം മൗദൂദിയെ തല്ലുകയും തലോടുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്?

തീർച്ചയായും ഇവയെല്ലാം മൗദൂദിയുടേതാണ്; ഇസ്‌ലാമിന്റേതല്ല. മറിച്ചു പറയുന്നത് വസ്തുതാപരവുമല്ല. മൗദൂദിയുടേതു മാത്രമായ ഒരു വ്യതിരിക്ത സമീപനമല്ല അദ്ദേഹം അവതരിപ്പിച്ച തത്വങ്ങളെങ്കിൽ (‘ഇതിനു മുമ്പ് ഇക്കാര്യം നിങ്ങൾക്കൊരാളും പറഞ്ഞു തന്നിട്ടില്ല’ എന്ന് അദ്ദേഹത്തിന്റെ രചനകളിൽ മിക്കതിലും നമുക്ക് വായിക്കാനാകും!) അത് ഇസ്‌ലാമിന്റേതു തന്നെയാണെങ്കിൽ, മൗദൂദിയേ മരിച്ചിട്ടുള്ളൂ; അദ്ദേഹത്തിന്റെ ആദർശം അമരമാണ് എന്ന് പാർട്ടീ പ്രവർത്തകർക്ക് എഴുതേണ്ടി വരുന്നത് എന്തു കൊണ്ടാണ്? മൗദൂദീ സാഹിബ് ജനിക്കും മുമ്പേ നിലവിലുള്ള ഒരാദർശത്തിന് അദ്ദേഹം ജീവിച്ചാലെന്ത്? മരിച്ചാലെന്ത്?

എന്തുമാകട്ടെ, അദ്ദേഹം ഊന്നിപ്പറഞ്ഞ തത്വങ്ങൾ തന്റേതല്ലെന്നും അദ്ദേഹത്തിന്റെ പ്രായോഗിക സമീപനങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ ആർക്കും നിർബന്ധബാധ്യതയില്ലെന്നും പ്രഖ്യാപിക്കുകവഴി ജമാഅത്ത് പാർട്ടീ പ്രവർത്തകർ, അബുൽ അഅ്‌ല മൗദൂദിയെ മാറ്റിനിർത്തിക്കൊണ്ടുള്ള തീർത്തും പുതിയൊരാദർശത്തിന് തറക്കല്ലിടുകയാണ്. അതെ, ജമാഅത്തു നേതൃത്വം അതിന്റെ അടിയാധാരങ്ങൾ തിരുത്തുന്ന പണിയിലാണ്. പിറക്കാൻ പോകുന്ന രാഷ്ട്രീയപ്പാർട്ടിയുടെ സുഗമമായ പ്രവർത്തനത്തിന് അവ തിരുത്തിയേ പറ്റൂ.